പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 4438

21.03.2018-ൽ മറുപടിയ്ക്ക്

ദേശീയപാതയിലെ പ്രധാന അപകട കേന്ദ്രങ്ങൾ

**ചോദ്യം**

ശ്രീ. ആർ. രാമചന്ദ്രൻ

(എ) കരുനാഗപ്പള്ളി കന്നേറ്റി മുതൽ ഓച്ചിറ വരെയുള്ള ദേശീയ പാതയിലെ പ്രധാന അപകട കേന്ദ്രങ്ങളായ ലാലാജി ജംഗ്ഷനും, കെ.എസ്.ആർ.ടി.സി ജംഗ്ഷനും സിവിൽ സ്റ്റേഷൻ ജംഗ്ഷനും , പുതിയകാവ്, പുത്തൻതെരുവ്, വവ്വാക്കാവ് എന്നിവിടങ്ങളിൽ റോഡ് അപകട രഹിതമാക്കുന്നതിനും കാൽനടക്കാർക്ക് സുരക്ഷിതമായി റോഡ് മുറിച്ചു കടക്കുന്നതിനും വേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കുമോ ;

(ബി) പ്രസ്തുത കേന്ദ്രങ്ങളിൽ രാവിലെ ഏട്ടുമണി മുതൽ രാത്രി എഴു മണി വരെ ഹോം ഗാർഡിനെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദീകരിക്കുമോ ?

**മറുപടി**

പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) യും (ബി) യും കരുനാഗപ്പള്ളി പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ടതും ദേശീയപാത കടന്നുപോകുന്ന കരുനാഗപ്പള്ളി, കന്നേറ്റി, ലാലാജി ജംഗ്ഷൻ, കെ.എസ്.ആർ.ടി.സി ജംഗ്ഷൻ, സിവിൽ സ്റ്റേഷൻ ജംഗ്ഷൻ, പുതിയകാവ്, പുത്തൻതെരുവ്, വവ്വാക്കാവ് എന്നിവിടങ്ങളിൽ റോഡ് അപകടരഹിതമാക്കുന്നതിനായി റോഡിൽ അനധികൃതമായി വാഹനങ്ങൾ പാർക്ക് ചെയ്യുന്നതും, അനധികൃതമായി നടത്തുന്ന വഴിയോര കച്ചവടക്കാരെ ഒഴിവാക്കുന്നതിനും ഹൈവേ പോലീസ്, കൺട്രോൾ റൂം വെഹിക്കിൾ, സ്റ്റേഷൻ മൊബൈൽസ് എന്നിവ പട്രോളിംഗ് നടത്തിയും പോലീസ് ഉദ്യോഗസ്ഥരേയും, ഹോം ഗാർഡുകളേയും ട്രാഫിക് ഡ്യൂട്ടിക്കായി നിയോഗിച്ചും നടപടികൾ സ്വീകരിച്ചു വരുന്നു. കരുനാഗപ്പള്ളി പോലീസ് സ്റ്റേഷനിലേയ്ക്ക് അനുവദിച്ചിട്ടുള്ള ഹോം ഗാർഡിനേയും ട്രാഫിക് വാർഡന്മാർ, പോലീസ് ഉദ്യോഗസ്ഥർ എന്നിവരെയും ടി സ്ഥലങ്ങളിൽ ഡ്യൂട്ടിക്കായി നിയോഗിച്ചു വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ